LIBRARY ARCHIVES Kerala Legislative Assembly

സഹകരണ സ്ഥാപനങ്ങൾ നൽകുന്ന വായ്പകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ

*20 [359] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങൾ നൽകുന്ന വായ്പകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) വായ്പകൾക്ക് ഇൻഷ്വറൻസ് പരിരക്ഷാ സംവിധാനം ഇല്ലാത്ത പക്ഷം അത് ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) സഹകരണ സംഘങ്ങൾ നൽകുന്ന കാർഷിക വായ്പകൾക്ക് വിള ഇൻഷ്വറൻസ് സംവിധാനവും കിസാൻ ക്രെഡിറ്റ് കാർഡ് മുഖേനയുള്ള വായ്പകൾക്ക് ഇൻഷ്വറൻസും വ്യക്തിഗത അപകട ഇൻഷ്വറൻസും നിലവിലുണ്ട്.

ഹൗസിംഗ് സഹകരണ സംഘങ്ങൾ എൽ.ഐ.സി.-യുമായി ചേർന്ന് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം വായ്പക്കാരനെ/ഗ്യാരണ്ടറെ ഇൻഷ്വർ ചെയ്യുന്നുണ്ട്.

ഹയർ പർച്ചേസ് വ്യവസ്ഥയിൽ വാഹന വായ്പ നൽകുമ്പോൾ വാഹനം ഇൻഷ്വർ ചെയ്യുന്നുണ്ട്.

കന്നുകാലി വളർത്തൽ, കോഴി വളർത്തൽ എന്നിവയ്ക്ക് വായ്പ നൽകുമ്പോൾ ക്യാറ്റിൽ ഇൻഷ്വറൻസ് പദ്ധതിപ്രകാരം കന്നുകാലി, കോഴി എന്നിവയെ ഇൻഷ്വർ ചെയ്യുന്നുണ്ട്.

ജില്ലാ ബാങ്കുകൾ വ്യാപാര യൂണിറ്റുകൾക്ക് വായ്പ നൽകുമ്പോൾ ടി യൂണിറ്റുകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്.

സഹകരണ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുക്കുന്ന വ്യക്തികൾക്ക് കോയിൻസ് വഴി ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന സംവിധാനം ഉണ്ട്. കൂടാതെ എ.എം.പി.സൻമാർ, 55 വയസ്സുവരെയുള്ളവരുടെ വായ്പകൾക്ക് ടിയാൾ മരണപ്പെടുമ്പോൾ പരിരക്ഷ നൽകുന്നതിനുള്ള പദ്ധതി കോയിൻസുമായി ചേർന്ന് നടപ്പിലാക്കുന്നുണ്ട്.

(ബി) സഹകരണ സ്ഥാപനങ്ങൾ നൽകുന്ന വായ്പകളിൽ ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാത്തവയ്ക്ക് കോയിൻസുമായി ചേർന്ന് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്.